പലിശരഹിത ഭവന നിർമ്മാണ വായ്പാ പദ്ധതിയിൽ ഫണ്ടിന്റെ ലഭ്യത യനുസരിച്ച് തുക അനുവദിക്കുന്നതാണ്.

(ബി) വിദ്യാഭ്യാസാനുകൂല്യത്തിനായി 1622 അപേക്ഷകളും ഭൂരഹിത ഭവനരഹിത പദ്ധതിക്കായി 23338 അപേക്ഷകളും തീർപ്പാക്കുവാൻ ഉണ്ട്.

(സി) സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച് തീരുമാനം ആയിട്ടുണ്ട്. ഉത്തരവ് ഉടനെ പുറപ്പെടുവിക്കുന്നതാണ്. ഭൂരഹിത ഭവനരഹിത പദ്ധതിയിൽ ആനുകൂല്യം ലഭിക്കുന്നതിനായി ശേഷിക്കുന്ന അപേക്ഷകളിൻമേൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആനുകൂല്യം അനുവദിക്കുന്നതാണ്.

സ്വാശ്രയ സ്ഥാപനങ്ങളിൽ പട്ടികജാതി വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾക്ക് പ്രവേശനം നിഷേധിക്കപ്പെടാതിരിക്കാൻ നടപടി

142 [1947] **ശ്രീ. മഞ്ഞളാംകുഴി അലി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിലെ പുതിയ സ്വാശ്രയ സ്ഥാപനങ്ങളിൽ പട്ടികജാതി വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾക്ക് പ്രവേശനം നിഷേധിക്കപ്പെടാനും അവിടങ്ങളിലെ ഉദ്യോഗ നിയമനങ്ങളിൽ അവഗണിക്ക പ്പെടാനുമുള്ള സാഹചര്യങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) വിവിധ മേഖലകളിൽ സ്വാശ്രയ സ്ഥാപനങ്ങൾ ഉണ്ടാക്കുന്ന സ്ഥിതി വിശേഷങ്ങൾ നേരിടാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ കൈക്കൊണ്ടുവരുന്ന നടപടികളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) വിദ്യാഭ്യാസ മേഖലയിലെ പുതിയ സ്വാശ്രയ സ്ഥാപനങ്ങളിൽ പട്ടികജാതി വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾക്ക് പ്രവേശനം നിഷേധിക്കപ്പെടാനുള്ള സാഹചര്യമില്ല. എന്നാൽ എല്ലാ സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യം ഇപ്പോൾ ലഭിക്കുന്നില്ല എന്ന സാഹചര്യമുണ്ട്. സർക്കാർ മേഖലയിലുള്ള സ്വാശ്രയ സ്ഥാപനങ്ങളിൽ നിയമനത്തിൽ സംവരണം ലഭിക്കാൻ ഇപ്പോൾ വ്യവസ്ഥയുണ്ട്. എന്നാൽ സ്വാകാര്യ സ്വാശ്രയ സ്ഥാപനങ്ങളിൽ ജോലി സംവരണം ഏർപ്പെടുത്താൻ ഭരണഘടനയിൽ വ്യവസ്ഥയില്ല.

(ബി ആന്റ് സി) സ്വകാര്യ സ്വാശ്രയ വിദ്യാഭ്യസ സ്ഥാപനങ്ങളിലെ സർക്കാർ സീറ്റുകളിലെ, 10 ശതമാനം പട്ടികജാതി/പട്ടിക വർഗ്ഗ സീറ്റുകളിൽ എല്ലാ വിദ്യാഭ്യാസ ആനുകൂല്യവും നൽകാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഉത്തരവ് ഉടനെ പുറപ്പെടുവിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly